
# ജമാഅത്ത് വിരുദ്ധ പത്രങ്ങളിലെ അടുക്കളകളിൽ വേവുന്നത്

കൊച്ചി മദീനാ മസ്ജിദുമായി ബന്ധപ്പെട്ട് ജിദ്ദയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന *മലയാളം ന്യൂസ്* എന്ന പത്രത്തിൽ വന്ന ഒരു വാർത്തയും അതിനോട് പ്രതികരിച്ചുകൊണ്ട് *മുജീബ്* നൽകിയ മറുപടിയും (ലക്കം 42) മുന്നിൽവെച്ചാണ് ഈ കുറിപ്പ്. കടുത്ത ജമാഅത്ത് വിരുദ്ധ നിലപാടാണ് ഈ പത്രത്തിന്റെ മുഖമുദ്ര. തൽപരകക്ഷികൾ മദീന മസ്ജിദിൽ പ്രശ്നമുണ്ടാക്കാൻ കച്ചകെട്ടിയ അന്നുതൊട്ട് എല്ലാ ശനിയാഴ്ചയും തലേന്നത്തെ മദീനാ മസ്ജിദിലെ ജുമുഅ വിശേഷം ഈ പത്രത്തിന് 'സംഘർഷാവസ്ഥയോടെ' വാർത്തയാകുന്നത് തുടർന്നുകൊണ്ടിരിക്കുന്നു. 'ജമാഅത്ത്-സോളിഡാരിറ്റി അക്രമത്തെ തുടർന്ന് സംഘർഷം നിലനിൽക്കുന്ന' എന്ന വാചകത്തോടെയാണ് എല്ലാ 'വാർത്ത'കളും തുടങ്ങുന്നത്. 'സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നും ജമാഅത്ത് പ്രവർത്തകരെ കൊണ്ടുവന്ന് അകംപള്ളി നിറച്ചിരുന്നു' എന്നിത്യാദി സ്ഥിരം അച്ചുകളും അതിലുണ്ടാവും. അറുനൂറോളം പേരെ ഉൾക്കൊള്ളാവുന്ന പള്ളി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള പ്രവർത്തകർ എത്തിയിട്ടും നിറഞ്ഞോ ആവോ?! പത്രത്തിലെ പ്രതിവാരവാർത്തകൾ പ്രകാരം, ഹൈക്കോടതി ഉത്തരവ് കൈയിൽ പിടിച്ചാണ് പുതിയ ഖത്വീബ് എന്നും മിമ്പറിൽ കയറാൻ വരുന്നത്. അങ്ങനെ ഒരു ഉത്തരവ് ഇല്ലെന്ന് പള്ളിയുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ നിരവധി തവണ വ്യക്തമാക്കിയെങ്കിലും *മലയാളം ന്യൂസി*ന് അക്കാര്യം ആവശ്യമേയില്ല. പ്രശ്നപരിഹാരത്തിന് മൂന്നാമനായ ഒരാൾ ജുമുഅ നിർവഹിക്കട്ടെ എന്ന സി.ഐയുടെ നിർദേശം ജമാഅത്തുകാർ ചെവിക്കൊണ്ടില്ലെന്നു മാത്രമല്ല അങ്ങനെ സംഭവിച്ചാൽ തങ്ങൾ പള്ളിമുറ്റത്തു കിടന്നു മരിച്ചുകളയുമെന്ന് ജമാഅത്തുകാർ ഭീഷണിപ്പെടുത്തിയതായുമുള്ള സംഭ്രമജനകമായ വാർത്തയും 7.4.'07-ലെ ഈ പത്രത്തിലുണ്ട്. സമാനമാണ് ഇതേദിവസത്തെ *ചന്ദ്രിക*യിലെയും വാർത്ത. ട്രസ്റ്റ് ചെയർമാനെ ഉദ്ധരിച്ചുകൊണ്ട്, അടുത്ത ആഴ്ചയിൽ എന്തായിരുന്നാലും പുതിയ ഖത്വീബ് മിമ്പറിൽ കയറുമെന്ന ശുഭാപ്തിയും വാർത്തയിൽ കാണാം. നിലവിലെ ഖത്വീബാണ് ഇന്നലെയും ജുമുഅ നടത്തിയതെന്ന നിരാശാജനകമായ കാര്യവും വാർത്തയിലെ സ്ഥിരം വിഭവമാണ്. ചുരുക്കത്തിൽ പുതിയ ഖത്വീബിനെ മിമ്പറിൽ കയറ്റിയിരുത്തിയ ശേഷമേ *മലയാളം ന്യൂസ്* പള്ളിപ്രശ്നത്തിൽനിന്ന് തലയൂരാൻ തീരുമാനിച്ചിട്ടുള്ളൂ. 'ചോദ്യോത്തര'ത്തിൽ പരാമർശിച്ച *മലയാളം ന്യൂസ്* വാർത്ത എട്ടുകോളമാണ്. ട്രസ്റ്റ് ചെയർമാനെ, സോളിഡാരിറ്റി പ്രവർത്തകനായ മകൻ സുഹൈൽ കൈപിടിച്ച് പുറത്തേക്ക് കൂട്ടിക്കൊണ്ടുവരുന്ന ഒരു പടം പ്രസ്തുത വാർത്തയുടെ മധ്യത്തിൽ വിന്യസിച്ചിട്ടുമുണ്ട്. പക്ഷേ, തല്ലുകിട്ടിയതിനെ തുടർന്ന് ഹാശിം ഹാജിയെ ഹോസ്പിറ്റലിലേക്കു കൊണ്ടുപോകുന്നു എന്നാണ് അടിക്കുറിപ്പ്! സാമുദായിക രാഷ്ട്രീയ പാർട്ടിയുടെയും യാഥാസ്ഥിതിക-ഉൽപതിഷ്ണു ഗ്രൂപ്പുകളുടെയും തിരിച്ചടി പ്രസ്ഥാനത്തിന്റെയുമെല്ലാം പത്രങ്ങൾ ഒരേ കേന്ദ്രത്തിൽനിന്ന് ഉൽപാദിപ്പിക്കപ്പെടുന്ന റിപ്പോർട്ടുകൾ വാക്കുകളും വാചകങ്ങളും തലക്കെട്ടുകൾ പോലും മാറ്റാതെ പ്രസിദ്ധീകരിക്കുന്ന അപൂർവമായ ഐക്യം ഇത്തരം ജമാഅത്ത്‌വിരുദ്ധ വാർത്തകളുടെ പ്രത്യേകതയാണ്.

കടുത്ത ജമാഅത്ത്/*മാധ്യമ* വിരുദ്ധ നിലപാടാണ് അടുത്തകാലത്തായി *മലയാളം ന്യൂസ്* തുടർന്നുപോരുന്നത്. ജമാഅത്ത് അഖിലേന്ത്യാടിസ്ഥാനത്തിൽ നടപ്പാക്കാൻ പദ്ധതിയിട്ട 'വിഷൻ 2016' എന്ന സംരംഭവുമായി ബന്ധപ്പെട്ട് കെ.എ സിദ്ദീഖ് ഹസൻ സാഹിബ് അടുത്തിടെ സുഊദിയിൽ പര്യടനം നടത്തുകയുണ്ടായി. മദീനയിലും ഒരു പ്രോഗ്രാം നടന്നു. *മലയാളം ന്യൂസ്* പ്രതിനിധി പൊതുസമൂഹം പങ്കെടുത്ത പ്രസ്തുത പരിപാടിയുടെ പടമെടുത്തു. വാർത്ത തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ നിങ്ങളുടെ പത്രത്തിൽ വാർത്ത വരില്ലെന്ന് മറുപടി നൽകി. ലേഖകൻ ഒഴിയുന്നില്ല. താൻ കൊടുത്ത ഒറ്റവാർത്തയും തിരസ്കരിച്ചിട്ടില്ലെന്നായി അദ്ദേഹം. ഒടുവിൽ വാർത്ത നൽകി. പിറ്റേന്നത്തെ പത്രത്തിൽ വാർത്തയുമില്ല, പടവുമില്ല. പറഞ്ഞതു സംഭവിച്ചില്ലേ എന്ന് വൈകീട്ട് വിളിച്ചു ചോദിച്ചപ്പോൾ പ്രതിനിധിയുടെ മറുപടി: നിങ്ങൾ പറഞ്ഞത് സത്യം. ജമാഅത്ത്/*മാധ്യമം* അനുകൂലമായ ഒരു വാർത്തയും കൊടുക്കേണ്ടതില്ലെന്ന് ചീഫിന്റെ ഓർഡറുണ്ടത്രെ! അതേസമയം ഈ വിഷയം അതേ തറവാട്ടിൽനിന്ന് ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്ന *അറബ് ന്യൂസ്* പത്രം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. അതാണ് *പ്രബോധന*ത്തിലെ 'മുദ്രകളി'ൽ എടുത്തു ചേർത്തിരുന്നത്. അറബ് വംശജനായ ചീഫ് എഡിറ്ററെ പോലും ജമാഅത്ത് വിരുദ്ധത ഓതിപ്പഠിപ്പിച്ചതാരാണ്?

*മാധ്യമം* എന്ന പേര് പോലും അച്ചടിക്കാൻ ഈ പത്രത്തിന് ഭയമാണ്. ആദിവാസി വിഷയങ്ങളുടെ പഠനത്തിന് *മാധ്യമം* റിപ്പോർട്ടർ പി.കെ പ്രകാശിന് അവാർഡ്

## കത്തുകൾ




കിട്ടിയ വാർത്ത ഇതിൽ കൊടുത്ത രീതി ഉദാഹരണം. വാർത്ത മുഴുവൻ വായിച്ചാലും, പ്രകാശ് ഏതു പത്രത്തിൽ പ്രവർത്തിക്കുന്നുവെന്ന് മനസ്സിലാവുകയില്ല. മറ്റൊരു അവാർഡ് വാർത്തയിൽ *ഗൾഫ് മാധ്യമം* ചീഫ് എഡിറ്ററുടെ പേരെഴുതിയേടത്ത് *ഗൾഫ് മാധ്യമം* എന്നൊഴിവാക്കി പത്രം അച്ചടിക്കുന്ന സ്ഥലം ബഹ്റൈനൊണെന്ന വിവരം വായനക്കാർക്ക് പകർന്നു നൽകി! അതേ വാർത്തയിൽ മറ്റു ജേതാക്കളെയൊക്കെ അവർ പ്രവർത്തിക്കുന്ന പത്രത്തിന്റെ പേരിനോടൊപ്പമാണ് പരിചയപ്പെടുത്തുന്നത്.

ജമാഅത്ത് വിരുദ്ധ വാർത്തകൾ നിർമിച്ചെടുക്കുന്നതിന് ഏതറ്റംവരെ പോകാനും മടിയില്ലാത്ത ഇത്തരം പത്രങ്ങളുടെ അടുക്കളകളിൽ വേവുന്നത് അസൂയയും കുശുമ്പും ഭീതിയും പകയും കോപാന്ധതയുമൊക്കെയാണ്. അവിടെ കുശിനി പണിയെടുക്കുന്നവരോട് സഹതാപമേയുള്ളൂ. ഈ പത്രങ്ങളിലെ ജമാഅത്ത് വിരുദ്ധ 'വാർത്ത'കൾ കണ്ടിട്ട് 'പള്ളിക്കുവേണ്ടിയും മറ്റും അടിപിടികൂടൽ അജണ്ടയാക്കിയ സമസ്ത-നദ്‌വത്ത് ഗ്രൂപ്പുകളുടെ നിലവാരത്തിലേക്ക് നിങ്ങളും താഴുന്നുവോ' എന്ന് ചോദിക്കുന്ന ശുദ്ധഗതിക്കാർ ഇതുപോലുള്ള പിന്നാമ്പുറകാര്യങ്ങൾ അറിഞ്ഞിരിക്കുന്നത് നന്നാവും.

**റഫീഖുർറഹ്മാൻ മൂഴിക്കൽ,**
**കെ.എസ്.എ**

അഭൂതപൂർവ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന വിവരസാങ്കേതികവിദ്യ, മനുഷ്യമസ്തിഷ്കത്തിൽ പ്രത്യക്ഷപ്പെടുന്ന പാറ്റേൺ വായിച്ച് അവന്റെ പ്രവൃത്തികൾ എന്താണെന്ന് കണക്കുകൂട്ടിയെടുക്കാൻ കഴിവുള്ള നൂതന കണ്ടുപിടിത്തമായ 'ഫങ്ഷണൽ മാഗ്നറ്റിക് ഇമേജിംഗ് റസോണൻസ്' എന്ന സമ്പ്രദായം വരെ എത്തിനിൽക്കുന്ന വൈദ്യശാസ്ത്രം, മനുഷ്യക്കുഞ്ഞുങ്ങളെ വർഗതാൽപര്യമനുസരിച്ച് രൂപപ്പെടുത്തിയെടുക്കാൻ (Design babies) കെൽപുണ്ടെന്നവകാശപ്പെടുന്ന ജനിതക എഞ്ചിനീയറിംഗ്, എനർജിയെ സർവതലത്തിലും കാണുന്ന ക്വാണ്ടം തിയറി, പുതിയ ശാസ്ത്ര വിസ്മയമായ നാനോ ടെക്നോളജി.... ഇവയുടെയൊക്കെ കാലത്ത് അനുഷ്ഠാനബന്ധിത ജീവിതക്രമത്തിൽ കെട്ടിയിടപ്പെട്ട സമൂഹമായി നിൽക്കാതെ ഖുർആനികമായ ബാധ്യതാ നിർവഹണത്തിന് മുസ്ലിംസമൂഹം തയാറാകണം.

**മുഹമ്മദ് താമരശ്ശേരി**

# എന്തുകൊണ്ട് ഇജ്തിഹാദ് ?

ഇസ്ലാമികചിന്തയുടെ പുനരാലോചനയെക്കുറിച്ച് വാരികയിൽ വന്ന ലേഖനങ്ങളും കുറിപ്പുകളും ശ്രദ്ധിച്ചു. ശ്രേഷ്ഠ ചിന്ത ഒരു നാൾ ആകാശത്തുനിന്ന് ഇറങ്ങിവരും എന്ന പ്രതീക്ഷ വേണ്ട. അത് മനുഷ്യബോധത്തിൽനിന്ന് നാമെടുത്ത് വളരേണ്ടതാണ്. അതിനു വേണ്ട അറിവും ശേഷിയും മനുഷ്യന് അല്ലാഹു നൽകിയിട്ടുണ്ട്. നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത് അന്വേഷണത്വരയാണ്. ഇതിനായുള്ള പ്രയാണമാണ് ഇജ്തിഹാദ് (സത്യം കണ്ടെത്താനുള്ള പരിശ്രമം).

ഇസ്ലാമിന്റെ പ്രഥമ പ്രമാണമായ വിശുദ്ധ ഖുർആനും അതിന്റെ വ്യാഖ്യാനമായ സുന്നത്തും വ്യക്തമായും അസന്ദിഗ്ധമായും വിശദീകരണം തന്നിട്ടില്ലാത്ത പ്രശ്നങ്ങൾക്ക് ഖുർആനികപരിധി ലംഘിക്കാതെ പരിഹാരവും വിശദീകരണവും കാണുകയെന്നതാണ് ഇജ്തിഹാദിന്റെ ധർമവും മർമവും.

ഇജ്തിഹാദ് നടത്താതെ പണ്ഡിതന്മാരെന്നവകാശപ്പെടുന്ന ചിലർ പുറപ്പെടുവിക്കുന്ന ഫത്വകൾ നാട്ടിൽ കോലാഹലങ്ങളുണ്ടാക്കുന്നത് ഈ അവസരത്തിൽ ഓർക്കാം. യാഥാസ്ഥിതിക പൗരോഹിത്യം എന്തിനും ഏതിനും പഴയ കർമശാസ്ത്ര ഗ്രന്ഥങ്ങളുടെ താളുകളിൽ പരിഹാരം കാണാനാണ് തിടുക്കം കാട്ടുന്നത്. കർമശാസ്ത്ര ഗ്രന്ഥങ്ങളിലെ നിർദേശങ്ങളത്രയും പഴയ കാല പണ്ഡിതന്മാർ അവർ ജീവിച്ചിരുന്ന കാലത്തെയും അന്നത്തെ സംഭവങ്ങളെയും ആസ്പദിച്ച് എഴുതിയിട്ടുള്ളതാണ്. അതത് കാലഘട്ടത്തിനനുസൃതമായി രചിക്കപ്പെടുന്ന കർമശാസ്ത്ര നിർദേശങ്ങളിൽ പലതിനും കാലപരിധിയുണ്ട്. അതിനാൽ കാലഘട്ടത്തിനനുയോജ്യമല്ലാത്ത നിർദേശങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ട ചുമതല പിൽക്കാലക്കാർക്കാണ്. ഈ പരിഷ്കരണം മുൻകാല ചിന്തകളുടെ ഒരു തുടർച്ചയായി പരിഗണിക്കുന്നതിനും വിരോധമില്ല. എന്നാൽ പഴയ ഫിഖ്ഹ് ഗ്രന്ഥങ്ങളിലെ നിർദേശങ്ങൾ അതേപടി എക്കാലവും അനുധാവനം ചെയ്യണമെന്നുള്ള കാഴ്ചപ്പാടിൽനിന്നുകൊണ്ട് മാത്രമേ പ്രശ്നപരിഹാരം കാണാവൂ എന്ന ശാഠ്യം സങ്കുചിതവും അപരിഷ്കൃതവും ഖുർആനിക മാനമില്ലാത്തതുമാണ്. ഇത്, ഖുർആനിനും സുന്നത്തിനും മേലെയായി ഫിഖ്ഹ് ഗ്രന്ഥങ്ങളെ പ്രതിഷ്ഠിക്കുന്നതിന് തുല്യമാണ്. കഥയറിയാതെ ഇവരെ ചാരിനിൽക്കുന്ന നിർബന്ധബുദ്ധികളും ധാരാളമുണ്ട്. അറിവ് സ്വായത്തമാക്കാതെ, മറ്റുള്ളവരെ അറിവുള്ളവരായി കരുതി ആശ്രയിച്ചു നിൽക്കാനുള്ള പ്രവണത തന്നെയാണ് മുസ്ലിംസമൂഹത്തിന്റെ പുരോഗതിക്ക് വിലങ്ങുതടിയായി നിലകൊള്ളുന്നത്.

എന്നാൽ ഇന്ന് പ്രത്യാശയുടെ കിരണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. ഖുർആനും സുന്നത്തും പുതിയ ചിന്താധാരകളുടെയും സംഭവങ്ങളുടെയും പശ്ചാത്തലത്തിൽ പഠിക്കണമെന്ന ബോധം വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഖുർആനിലും സുന്നത്തിലും സ്പഷ്ടമാക്കാത്ത വിഷയങ്ങൾക്ക് ഇജ്തിഹാദിന്റെ വഴി തേടണമെന്ന് മുസ്ലിംകൾക്ക് മനസ്സിലായിക്കഴിഞ്ഞിരിക്കുന്നു. ചിന്തയിലെ ഈ ഉജ്ജീവനം (vivification) പൗരോഹിത്യമനസ്സുകളെപ്പോലും തട്ടിയുണർത്തിയതിനാൽ അവരിൽ പലരും അവരുടെ ചുമലുകളിൽനിന്ന് പഴയകാല ധാരണകളുടെ നുകങ്ങൾ എടുത്തെറിഞ്ഞ്, സമൂഹത്തിന്റെ ആകുലതകൾക്കും പ്രശ്നങ്ങൾക്കും ഖുർആനിക പരിഹാരം അന്വേഷിക്കാൻ മുന്നോട്ടു വന്നുതുടങ്ങിയിരിക്കുന്നു.

# *കേരള കൗമുദി*യുടെ കുത്തിത്തിരിപ്പ്

'അൽഖ്വഇദക്ക് മലയാളി നേതൃത്വം: അന്വേഷണം തുടങ്ങി' 2007 മാർച്ച് 14-ന്റെ *കേരള കൗമുദി*യിൽ വന്ന മൂന്നു കോളം വാർത്തയുടെ ശീർഷകം ഇങ്ങനെ. തലേന്നാളത്തെ (മാർച്ച് 13) *കേരള കൗമുദി ഫ്ളാഷ്* എന്ന മധ്യാഹ്ന പത്രത്തിന്റെ മുൻപേജിലെ മുഖ്യ വാർത്തയും ഇതായിരുന്നു. മറ്റൊരു പത്രത്തിലും ഇങ്ങനെ ഒരു വാർത്ത വരികയുണ്ടായില്ല. *കേരള കൗമുദി*യിൽ മാത്രം വന്ന ഈ 'കിടിലൻ' വാർത്തയുടെ സ്രോതസ്സ് പത്രം കൃത്യമായി വ്യക്തമാക്കിയിട്ടില്ല. വാർത്തയുടെ പ്രസക്തഭാഗം കാണുക: "അന്താരാഷ്ട്ര ഭീകര സംഘടനയായ അൽഖ്വഇദയുടെ ഇന്റലിജൻസ് വിഭാഗം കമാന്ററായി പ്രവർത്തിക്കുന്നത് ഒരു മലയാളിയാണെന്ന സംശയത്തിൽ ഇന്റലിജൻസ് ഏജൻസികൾ വിശദമായ അന്വേഷണം തുടങ്ങി. ഈ രീതിയിൽ സംശയിക്കുന്ന ഒരാളെ കഴിഞ്ഞ 5-ന് നെടുമ്പാശ്ശേരി എയർപോർട്ടിൽനിന്നും എമിഗ്രേഷൻ വിഭാഗം കസ്റ്റഡിയിലെടുത്തിരുന്നു... ദൽഹിയിൽ പിടികൂടിയ പാക് ഭീകരന്മാരെ ചോദ്യം ചെയ്തപ്പോഴാണ് ഈ യുവാവിനെക്കുറിച്ചുള്ള വിവരം ലഭിക്കുന്നത്. ഇയാൾക്ക് പാകിസ്താനിൽനിന്ന് പരിശീലനം ലഭിച്ചതായും മൂന്ന് പാക് ഭീകരരുമായി നിരന്തരം ബന്ധപ്പെട്ടിരുന്നതായും ഐ.ബിക്ക് വിവരം ലഭിച്ചു..."

അർധസത്യവും അസത്യവും കൂട്ടിച്ചേർത്ത് വാർത്തകൾ മെനഞ്ഞുണ്ടാക്കുന്നതിന്റെ ഒരു സാമ്പിൾ ആണീ വാർത്ത. മാർച്ച് 4-ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ വെച്ച് ചൊക്ലി സ്വദേശിയായ മുസ്ലിം യുവാവിനെ ചോദ്യം ചെയ്യാനായി കസ്റ്റഡിയിലെടുത്തു. ഈ വിവരം 5-ന്റെ *കേരള കൗമുദി*, *ദേശാഭിമാനി*, *മാധ്യമം* ഉൾപ്പെടെ പല പത്രങ്ങളും റിപ്പോർട്ട് ചെയ്തിരുന്നു. വിശദമായി ചോദ്യം ചെയ്തതിനു ശേഷം യുവാവിനെ വെറുതെ വിട്ടു. ചോദ്യം ചെയ്യലിൽ കുറ്റകരമായ ഒന്നും തെളിഞ്ഞില്ലെന്ന് വ്യക്തം. തുടർന്ന് യുവാവ് ഒമാനിലേക്ക് പോയി ഒമാൻ എയർവേയ്സിലെ ജോലിയിൽ തുടരുകയാണ്.

ചോദ്യം ചെയ്യാനായി കസ്റ്റഡിയിലെടുത്തുവെന്നത് ഒരാൾ കുറ്റവാളിയാണെന്നതിന് ഒരിക്കലും തെളിവല്ല. അത് നിയമപാലകർ നടത്തുന്ന/ നടത്തേണ്ട പ്രക്രിയയുടെ ഭാഗം മാത്രമാണ്. ഇങ്ങനെ ദിനേനെ പലവിധ ചോദ്യം ചെയ്യലുകൾ നടക്കുന്നുണ്ട്; നടക്കുകയും ചെയ്യും. പക്ഷേ, അതിനൊന്നുമില്ലാത്ത കവിഞ്ഞ വാർത്താമൂല്യം ഈ സംഭവത്തിന് മാത്രം ഉണ്ടാകുന്നത് ദുരുദ്ദേശ്യപരമാണ്. ഇങ്ങനെ ചോദ്യം ചെയ്യുമ്പോൾ അനഭിലഷണീയമായ ഊഹങ്ങൾക്കും തെറ്റുധാരണകൾക്കും ഇടനൽകും വിധത്തിൽ പത്രവാർത്തയാകുന്നതും പ്രസ്തുത വാർത്ത ഒരു പ്രത്യേക സമുദായത്തിന് അപകീർത്തിയുണ്ടാക്കുംവിധം ദുരുപയോഗപ്പെടുത്തുന്നതും പലവിധ പ്രശ്നങ്ങളും പ്രയാസങ്ങളും സൃഷ്ടിക്കുമെന്നത് ഓർക്കാതെ പോകുന്നത് കഷ്ടമാണ്. കസ്റ്റഡിയിലെടുത്തുവെന്ന വാർത്ത പ്രസി

ദ്ധീകരിച്ചവർ അദ്ദേഹത്തെ അന്വേഷണാനന്തരം വെറുതെ വിട്ട വിവരം പ്രസിദ്ധീകരിച്ചതേയില്ല. *മാധ്യമം* മാത്രമാണ് (മാർച്ച് 6) അത് റിപ്പോർട്ട് ചെയ്തത്. പിന്നീട് ഒരാഴ്ചക്കു ശേഷം *കേരള കൗമുദി*യിൽ മാത്രം ഒരു റിപ്പോർട്ട് വരുന്നതിൽ ദുരൂഹതയുണ്ട് (*കേരള കൗമുദി*ക്ക് ഇവ്വിഷയകമായി കത്തയച്ചെങ്കിലും അവരത് പ്രസിദ്ധീകരിച്ചില്ല). 'ഇയാൾക്ക് പാകിസ്താനിൽനിന്ന് പരിശീലനം ലഭിച്ചതായും മൂന്ന് പാക് ഭീകരന്മാരുമായി നിരന്തരം ബന്ധപ്പെട്ടിരുന്നതായും ഐ.ബിക്ക് വിവരം ലഭിച്ചു'വെന്ന് *കേരള കൗമുദി* തട്ടിവിടുമ്പോൾ തങ്ങളുടെ വാർത്തയുടെ സ്രോതസ്സ് അവർ വെളിവാക്കേണ്ടതായിരുന്നു. *കേരള കൗമുദി* തട്ടിവിട്ടത് ശുദ്ധ നുണയാണെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. ഈ പത്രം പറയുന്നതുപോലെയാണ് കാര്യമെങ്കിൽ പ്രസ്തുത യുവാവിനെ വെറുതെ വിട്ടതെങ്ങനെയെന്ന് അവർ വിശദീകരിക്കേണ്ടതുണ്ട്. ഇത്തരത്തിൽ പല മുസ്‌ലിംവിരുദ്ധ വാർത്തകളും *കേരള കൗമുദി* പലപ്പോഴും പടച്ചുവിടാറുണ്ട്. ഇത്തരം തെറ്റായ വാർത്തകളുടെ ഫലമായി പോലീസ് അധികൃതർ പല മുസ്‌ലിംവീടുകളിലും അന്വേഷണം നടത്തുകയാണ്. അന്വേഷണവേളയിലെ ചില ചോദ്യങ്ങളും കുത്തുവാക്കുകളും നൊമ്പരപ്പെടുത്തുംവിധത്തിലുള്ളതാണ്. വ്യാജ പ്രചാരണവും ഒരു വിഭാഗത്തെ അവഹേളിക്കലും പതിവാക്കിയവർ പോലീസ് അധികൃതരെ വഴിതെറ്റിക്കുകയാണ്. വാർത്തകൾ മെനഞ്ഞുണ്ടാക്കി സാമൂഹികാന്തരീക്ഷം മലിനീകരിക്കുന്നവരെ നിലക്കുനിർത്താൻ അധികൃതർ ശ്രദ്ധിക്കേണ്ടതുണ്ട്.

**പി.പി അബ്ദുർറഹ്മാൻ**
**പെരിങ്ങാടി**

# ബഹിഷ്കരണം മനസ്സുകൊണ്ട്

സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റം രൂക്ഷമാവുമ്പോഴെല്ലാം ഉയർന്നുകേൾക്കാറുള്ള മുദ്രാവാക്യമാണ് 'സാമ്രാജ്യത്വ ഉൽപന്നങ്ങൾ ബഹിഷ്കരിക്കുക' എന്നത്. ഇറാഖിനെ ആക്രമിച്ചപ്പോഴും സദ്ദാമിനെ തൂക്കിലേറ്റിയപ്പോഴുമൊക്കെ ഒട്ടുമിക്ക സംഘടനകളും ബഹിഷ്കരണാഹ്വാനം ഉയർത്തുകയുണ്ടായി. ഇനി ഇറാൻ ആക്രമിക്കുമ്പോഴും അങ്ങനെത്തന്നെയായിരിക്കും. എന്നാൽ ഈ സംഘടനകളിലെ അനുയായികൾ ഈ ആശയം ജീവിതത്തിൽ പകർത്താൻ ശ്രമിക്കുന്നില്ല എന്നത് നിരാശാജനകമാണ്.

സാമ്രാജ്യത്വ മുതലാളിത്ത ശക്തികളെ വാക്കുകൊണ്ട് എതിർക്കുന്നതിനു പുറമെ മനസ്സു കൊണ്ടും കർമം കൊണ്ടും എതിർക്കാനും വെറുക്കാനും നമുക്ക് സാധിക്കേണ്ടതുണ്ട്. ഇമാം ഹസനുൽ ബന്നാ തന്റെ അനുയായികളോട് പറഞ്ഞു: 'ഇംഗ്ലീഷുകാരെ നിങ്ങളുടെ മനസ്സിൽനിന്നും പുറത്താക്കുക, എങ്കിൽ അവർ നിങ്ങളുടെ നാട്ടിൽനിന്ന് തന്നെ പുറത്തായിക്കൊള്ളും.'

**നൗഫൽ ഓലപ്പീടിക**

## ▪ ചുരുക്കെഴുത്ത്

മുനഫർ കൊയിലാണ്ടിയുടെ 'ഹലാൽ റസ്റ്റോറന്റ്' എന്ന കത്ത് (ലക്കം 37) ഭക്ഷണകാര്യത്തിൽ സൂക്ഷ്മത പാലിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു. ബാംഗ്ലൂരിലെ ഒരു പ്രമുഖ ബേക്കറിയിൽ ഏതാനും വർഷം ഈ കുറിപ്പുകാരൻ ജോലിചെയ്തിരുന്നു. ന്യൂ ഇയറിനോടനുബന്ധിച്ച് ഉണ്ടാക്കുന്ന സ്പെഷ്യൽ കേക്കുകളിൽ മദ്യം ചേർക്കുന്നത് അവിടെ പതിവാണ്. കേക്കുണ്ടാക്കുന്നതിനായി 50 കിലോ പഴങ്ങൾ വേവിച്ച് മിക്സ് ചെയ്യാൻ വിസ്കിയുടെ രണ്ട് ക്വാർട്ടർ ബോട്ടിലുകൾ ഉപയോഗിക്കാനായിരുന്നു നിർദേശം. പഴക്കൂട്ട് കൂടുതൽ ദിവസം കേടുവരാതെ കേക്കിനകത്ത് ഇരിക്കാനാണ് മദ്യം ചേർത്തിരുന്നത്. 'സംശയാസ്പദമായ കാര്യങ്ങളെ സൂക്ഷിക്കുന്നവൻ തന്റെ ദീനിനെയും അഭിമാനത്തെയും സുരക്ഷിതമാക്കുന്നു' (നബിവചനം).

**അബൂ ഹബീബ് ദമ്മാം, കെ.എസ്.എ**

'ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നൂറ്റിയമ്പതാം വാർഷികം' (ലക്കം 36) ശ്രദ്ധാപൂർവം വായിച്ചു. കലാശാലയിൽ ചരിത്രം പ്രധാനവിഷയമായി പഠിച്ചിട്ടും മൗലവി അഹ്മദുല്ലയെ കുറിച്ചോ 'ചപ്പാത്തി കൈമാറ്റ പദ്ധതി'യെക്കുറിച്ചോ കേട്ടിട്ടുപോലുമില്ല.

**ഉമർ ബുറൈദ, കെ.എസ്.എ**